പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3039

15.02.2013-ൽ മറുപടി നൽകേണ്ടത്

## ഭൂരഹിതർക്ക് ഭൂമി പതിച്ച് നൽകൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭൂരഹിതർക്ക് ഭൂമി പതിച്ച് നൽകുന്നതിനായി റവന്യൂ വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിച്ച പദ്ധതി ഇസഡ്. എൽ. സി. ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ആയതുപ്രകാരമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇത് പരിശോധനയ്ക്കായി ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ലഭ്യമാണോ; | (എ) ഭൂരഹിതരില്ലാത്ത കേരളം 2015 പദ്ധതി പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ വില്ലേജ് ആഫീസർ, തഹസീൽദാർ എന്നിവരുടെ പ്രാഥമിക പരിശോധനയിൽ അർഹരായി കണ്ടെത്തിയ 2,33,232 കുടുംബങ്ങളുടെ ലിസ്റ്റ് www.zerolandless.kerala.gov.in/public corner – ൽ 15.08.2012- ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി 15.02.2013 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. വിശദമായ അന്വേഷണത്തിൽ അർഹരാണെന്ന് കണ്ടെത്തുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും 3 സെന്റ് ഭൂമി വീതം പതിച്ചു നൽകുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അനുയോജ്യമായ 3 സെന്റ് ഭൂമി വീതം നൽകുന്നതിനുള്ള ഭൂമിയുടെ ലഭ്യത ജില്ലാതലത്തിൽ കണ്ടെത്തി വരികയാണ്. |
| (ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി എന്തൊക്കെ തുടർ നടപടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) അർഹരായി കണ്ടെത്തുന്ന ഭൂരഹിതരായ എല്ലാ കുടുംബങ്ങൾക്കും 3 സെന്റ് ഭൂമി വീതം 2015-ഓടുകൂടി വിതരണം ചെയ്യുന്നതിനാണ് തീരുമാനം. ഇതിലേയ്ക്കുള്ള ഭൂമി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ കണ്ടെത്തിവരുന്നു. |

സെക്ഷൻ ഓഫീസർ